"ഭരണഭാഷ-മാതൃഭാഷ"

**സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി**

തീയതി,തിരുവനന്തപുരം, 23/02/2013

വിഷയം:- ഡിഇഎസ് – ജീവനക്കാര്യം – സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്–I തസ്തികയിൽ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം:-
1) സർക്കാർ ഉത്തരവ് (പി) നമ്പർ 9/2009/പ്ലാനിംഗ് തീയതി 20-02-2009
2) ഈ ഓഫീസിലെ 24-08-2012 ലെ ഇഎ(1) 2012/12/ഡിഇഎസ് നമ്പർ ഉത്തരവ്.
3) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്–I ശ്രീ.വിനോദ്.എ.വി.യുടെ 19-02-2013 ലെ സമർപ്പണം
4) ആലപ്പുഴ പ്രിൻസിപ്പൽ അഗ്രികൾച്ചർ ആഫീസറുടെ 15-02-2013 ലെ ഇ 2 1497/13 നമ്പർ കത്ത്.
5) കോട്ടയം ഡെപ്യൂട്ടി ഡയറക്ടറുടെ 14-02-2013 ലെ എ 2 613/2013/ഡികെ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ.എ (1) 2013/ 2013/ഡിഇഎസ്**

പരാമർശം (1) പ്രകാരമുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം എൽ.ഡി.ടൈപ്പിസ്റ്റ് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്–II തസ്തികയിൽ നിന്നും കാറ്റഗറി 3 തസ്തികയിലേക്ക് നിയമനം ലഭിച്ചവർ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്–I തസ്തികയിൽ ഒരു വർഷത്തെ ഫീൽഡ് ജോലി ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്–I ആയി നിയമനം ലഭിച്ച ശ്രീ.വിനോദ്.എ.വി ഫീൽഡ് ജോലി ചെയ്യുന്നതിന് സ്ഥലംമാറ്റം നൽകണമെന്ന് പരാമർശം(3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. കൂടാതെ ആലപ്പുഴ ജില്ലാ ഓഫീസിലേക്ക് സ്ഥലംമാറ്റം ലഭിച്ച കോട്ടയം ജില്ലാ ഓഫീസിലെ ശ്രീ.അഭിലാഷ്.എ, ആലപ്പുഴ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.ആർ.മിനിമോൾ എന്നിവർ പരസ്പരം സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് തിരുവനന്തപുരം ജില്ലാ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്–I തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ.കെ.വി.അഭിലാഷിനെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റിലേക്കും ശ്രീ.വിനോദ്.എ.വിയെ തിരുവനന്തപുരം ജില്ലാ ഓഫീസിലേക്കും, ആലപ്പുഴ ജില്ലാ ഓഫീസിലേക്ക് സ്ഥലം മാറ്റം ലഭിച്ച കോട്ടയം ജില്ലാ ഓഫീസിലെ ശ്രീ.അഭിലാഷ്.എ.യെ ആലപ്പുഴ ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസിലേക്കും, ആലപ്പുഴ ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസിലെ ശ്രീമതി.ആർ.മിനിമോളെ ആലപ്പുഴ ജില്ലാ ഓഫീസിലേക്കും ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

സ്ഥലം മാറ്റപ്പെട്ട ജീവനക്കാർ യഥാസമയം ജോലിയ്ക്ക് ഹാജരാകേണ്ടതും, വിടുതൽ ചെയ്യുന്നതും ജോലിക്ക് ഹാജരാകുന്നതുമായ വിവരങ്ങൾ ഓഫീസ് മേധാവി ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്

ഐ.എസ്.സുഭാഷ്ചന്ദ്രബോസ്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്

1) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ഓഫീസ് തിരുവനന്തപുരം /കോട്ടയം / ആലപ്പുഴ
2) പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസ്, ആലപ്പുഴ
3) ജോയിന്റ് ഡയറക്ടർ (ഇക്കണോമിക് സെൻസസ്)
4) എല്ലാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർക്കും / സി.എ.മാർക്കും
5) അക്കൗണ്ട്സ് /ഇഎ(4) /
6) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7) ഫയൽ /സൂക്ഷിപ്പ് ഫയൽ

ഉത്തരവിൻ പ്രകാരം

സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ(അഡ്മിനിസ്ട്രേഷൻ)